**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5772** **25-03-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പകൾ മൂലമുള്ള അധിക ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റിനു പുറത്തുനിന്നുള്ള കിഫ്ബി പോലുള്ള കടമെടുപ്പുകൾക്കായി ബജറ്റിൽ തുക വകയിരുത്താറുണ്ടോ; വ്യക്തമാക്കുമോ; | (എ) | ബജറ്റിനു പുറത്തു നിന്നുള്ള കിഫ്ബി പോലുള്ള കടമെടുപ്പുകൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ, KIIFB (Amendment) Act 2016 പ്രകാരം, വാഹന നികുതി ഇനത്തിൽ സംസ്ഥാനത്തിനു ലഭിക്കുന്ന വരുമാനത്തിന്റെ 50 ശതമാനത്തിനു തുല്യമായ തുകയും പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ ചുമത്തുന്ന സെസ്സിൽ നിന്നുള്ള വരുമാനവും വർഷാവർഷം ബജറ്റ് വിഹിതമായി കിഫ്ബിക്കു നൽകുന്നുണ്ട്. |
| (ബി) | ഓഫ് ബജറ്റ് കടമെടുപ്പുമൂലം ഖജനാവിനുണ്ടാകുന്ന അധിക ബാധ്യത സാമ്പത്തിക പ്രതിസന്ധിക്കു കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കിഫ്ബി പോലുള്ള സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ കൈക്കൊണ്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഓരോ വർഷവും ഗണ്യമായ കുറവ് വരുന്നുണ്ട്. ഇത് ബജറ്റ് ലക്ഷ്യങ്ങൾ പരിപൂർണ്ണമായും കൈവരിക്കുന്നതിന് വിഘാതമായി തീരാറുണ്ട്. |

സെക്ഷൻ ഓഫീസർ